പത്രക്കുറിപ്പ്

# യുവാവിനെ ആക്രമിച്ച കേസിൽ ഒരാൾ പിടിയിൽ

# വധശ്രമക്കേസ് പ്രതി പിടിയിൽ

## കോവിഡ്–19 സുരക്ഷാ പരിശോധന

## വിലക്ക് ലംഘനം: 307 പേർക്കെതിരെ നിയമനടപടി

തിരുവനന്തപുരം:– യുവാവിന്റെ വീട്ടിൽ അതിക്രമിച്ച് കയറി ആക്രമണം നടത്തിയ സംഘത്തിലെ ഒരാളെ പോലീസ് പിടികൂടിയതായി ഐ.ജി.പി–യും സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. മേനംകുളം കൽപ്പന വാർഡ് സൗപർണിക ഭവനിൽ സംഗീത് (28)– നെയാണ് കഴക്കൂട്ടം പോലീസ് അറസ്റ്റ് ചെയ്തത്.

മെയ് 24– നാണ് സംഭവം നടന്നത്. പ്രതി സംഗീത് ഉൾപ്പെട്ട എട്ടംഗ സംഘം മാരകായുധങ്ങളുമായി മേനകുളം ക്ഷേത്രത്തിനു സമീപത്തെ ഉണ്ണിയുടെ വീട്ടിൽ അതിക്രമിച്ച് കടന്ന് ആക്രമിക്കുകയായിരുന്നു.


കഴക്കൂട്ടം പോലീസ് അറസ്റ്റ് ചെയ്ത സംഗീത് (28)

പ്രതികൾക്കെതിരെ മുൻപ് പോലീസിൽ പരാതി കൊടുത്തതിലുള്ള വിരോധമാണ് ആക്രമണത്തിന് കാരണം. സംഭവത്തിനു ശേഷം ഒളിവിൽ പോയ പ്രതികളെ അന്വേഷിച്ചു വരവെ കഴക്കൂട്ടം സൈബർ സിറ്റി അസി. കമ്മീഷണർ ഷൈനു തോമസിന് ലഭിച്ച രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിലാണ് മൂന്നാം പ്രതിയായ ഇയാളെ മേനംകുളം പഞ്ചായത്തുനട ഭാഗത്തുനിന്നും ഇന്നലെ

പിടികൂടിയത്. കഴക്കൂട്ടം എസ്.എച്ച്.ഒ ബിജു, എസ്.ഐ വിഷ്ണു, സി.പി.ഒ മാരായ അരുൺ എസ്.നായർ, സുജിത്, അജു എന്നിവരടങ്ങിയ പോലീസ് സംഘമാണ് പ്രതിയെ അറസ്റ്റ് ചെയ്തത്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

## വധശ്രമക്കേസ് പ്രതി പിടിയിൽ

തിരുവനന്തപുരം:- വിഴിഞ്ഞത്ത് മധ്യവയസ്കനെ ആക്രമിച്ച് കൊലപ്പെടുത്താൻ ശ്രമിച്ച സംഘത്തിലെ ഒരാളെ പോലീസ് പിടികൂടിയതായി ഐ.ജി.പി-യും സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. വെങ്ങാനൂർ നെല്ലിവിള വിനീത് ഹൗസിൽ ബാബു (57)-വിനെയാണ് വിഴിഞ്ഞം പോലീസ് അറസ്റ്റ് ചെയ്തത്.

കഴിഞ്ഞ വെള്ളിയാഴ്ച്ചയാണ് സംഭവം നടന്നത്. മുള്ളുവിള ലിയോ ഭവനിൽ ജോസഫിനെ പ്രതി ബാബുവിന്റെ നേതൃത്വത്തിൽ അഞ്ചംഗ സംഘം ഉച്ചയ്ക്ക് 12 മണിയ്ക്ക് നെല്ലിവിള ജംഗ്ഷനിൽ വച്ച് തടഞ്ഞു നിർത്തി മർദ്ദിക്കുകയും വലിച്ചിഴച്ച് ബാബുവിന്റെ വീടിന്റെ കോമ്പൗണ്ടിൽ കൊണ്ടുവന്ന് ദേഹമാസകലം മർദ്ദിക്കുകയും ഇരുമ്പ് കമ്പി കൊണ്ട് തലയ്ക്കടിച്ച് കൊലപ്പെടുത്താൻ ശ്രമിക്കുകയുമായിരുന്നു.പ്രതികൾ നടത്തുന്ന പന്നിഫാമിൽ ഹൈക്കോടതി ഉത്തരവ്വ പ്രകാരം മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും ഉദ്യോഗസ്ഥർ പരിശോധിക്കാൻ എത്തിയത് ജോസഫ് നിമിത്തമാണെന്ന് ആരോപിച്ചാണ് ആക്രമണം നടത്തിയത്. വിഴിഞ്ഞം എസ്.എച്ച്.ഒ രമേഷ്, എസ്.ഐ മാരായ വിനോദ്,


വിഴിഞ്ഞം പോലീസ് അറസ്റ്റ് ചെയ്ത
ബാബു (57)

തിങ്കൾ ഗോപകുമാർ, സതികുമാർ എന്നിവരടങ്ങിയ പോലീസ് സംഘമാണ് പ്രതിയെ അറസ്റ്റ് ചെയ്തത്. ഒളിവിൽ പോയ മറ്റു പ്രതികളെ പിടികൂടാൻ അന്വേഷണം ഊർജ്ജിതമാക്കിയിട്ടുണ്ട്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

## കോവിഡ്-19 സുരക്ഷാ പരിശോധന

# വിലക്ക് ലംഘനം: 307 പേർക്കെതിരെ നിയമനടപടി

തിരുവനന്തപുരം:- സമ്പൂർണ്ണ ലോക്ക് ഡൗൺ ദിനമായ ഇന്നലെ (04-07-2021) നാലുമണി വരെ തിരുവനന്തപുരം നഗരത്തിൽ പോലീസ് നടത്തിയ പരിശോധനയിൽ കോവിഡ് സുരക്ഷാ വിലക്ക് ലംഘനം നടത്തിയ 307 പേർക്കെതിരെ നിയമനടപടി സ്വീകരിച്ചു. രോഗവ്യാപനം ഉണ്ടാക്കുന്ന തരത്തിൽ വിലക്ക് ലംഘനം നടത്തിയ 53 പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്-2020 പ്രകാരമാണ് കേസെടുത്തത്. മാസ്ക് ധരിക്കാത്തതിന് 135 പേരിൽ നിന്നും സാമൂഹിക അകലം പാലിക്കാത്ത 11 പേരിൽ നിന്നുമായി 73,000/- രൂപ പിഴ ഈടാക്കി. കൂടാതെ അനാവശ്യ യാത്ര നടത്തിയ 108 വാഹനങ്ങൾക്കെതിരെയും ഇന്നലെ നിയമനടപടി സ്വീകരിച്ചു. ശരിയായ രീതിയിൽ സുരക്ഷാ മുൻകരുതൽ എടുക്കാത്ത 93 പേർക്ക് താക്കീത് നൽകി വിട്ടയച്ചിട്ടുള്ളതുമാണ്.

തിരുവനന്തപുരം സിറ്റി

04-07-2021

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

പബ്ലിക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം സിറ്റി